"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - സാമൂഹ്യനീതിവകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ആർ. എസ്. പ്രശാന്തിനെതിരേ സാമൂഹ്യനീതിഡയറക്ടർ സ്വീകരിച്ച വകുപ്പുതല അച്ചടക്കനടപടി പുനഃപരിശോധിക്കണമെന്ന അപ്പീലപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.54/2025/SJD തീയതി,തിരുവനന്തപുരം, 13-03-2025

---

പരാമർശം:-

1. ശ്രീ. ആർ. എസ്. പ്രശാന്ത് 24.08.2019 24.10.2019 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.

2. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 04.06.2020, 17.09.2020, 04.06.2024, 21.11.2024 എന്നീ തിയതികളിലെ എസ്.ജെ.ഡി/100753/2019-ഇ.5 നമ്പർ കത്തുകൾ.

3. സർക്കാരിന്റെ 24.08.2020-ലെ എ.2/122/2020/സാ.നീ.വ നമ്പർ. കത്ത്

4. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 19.04.2024-ലെ എസ് ജെ ഡി/100753/2019-ഇ5 നമ്പർ നടപടി ഉത്തരവ്

5. ശ്രീ. ആർ. എസ്. പ്രശാന്തിന്റെ 16.05.2024-ലെ അപ്പീൽ അപേക്ഷ.

**<u>ഉത്തരവ്</u>**

സാമൂഹ്യനീതിവകുപ്പിന് കീഴിൽ നിലവിൽ തിരുവനന്തപുരം ജില്ലാപ്രൊബേഷൻ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ പ്രശാന്ത് ആർ. എസ്, പരാമർശം 3 പ്രകാരം സർക്കാർ അനുമതി നിരസിച്ചിട്ടും, കേരള മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ ജനറൽസെക്രട്ടറിയായി പ്രവർത്തിക്കുകയും സാമ്പത്തികതിരിമറി നടത്തിയതായി ആരോപണം ഉണ്ടാവുകയും സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച് അച്ചടക്കലംഘനം നടത്തിയതായി

തെളിയുകയുംചെയ്ത സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് ജീവനക്കാരനെതിരേയുളള അച്ചടക്കനടപടി സാമൂഹ്യനീതി ഡയറക്ടർ പരാമർശം 4 പ്രകാരം തീർപ്പുകൽപിച്ചിരുന്നു. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ പ്രശാന്ത്. ആർ. എസ്. സർക്കാരിൽ പരാമർശം 5-പ്രകാരം അപ്പീലപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീ പ്രശാന്ത് ആർ. എസ്.-ന്റെ അപ്പീലപേക്ഷയിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് ടിയാൻ ഉന്നയിച്ചത്.

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിചെയ്തുവരവേ മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ എന്ന മുൻകാല കായികതാരങ്ങളുടെ സംഘടനയുടെ തിരുവനന്തപുരം ജില്ലാസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. തുടർന്ന് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം അനുസരിച്ച് ടി സ്ഥാനത്ത് പ്രവർത്തിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം 1-പ്രകാരം സാമൂഹ്യനീതിവകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ടിയാൾ നല്കിയ അപേക്ഷകളിൽ യാതൊരുവിധ മറുപടിയും ലഭിച്ചിരുന്നില്ലെന്നും, അതിനുശേഷം ടി സംഘടനയുടെ സംസ്ഥാന ജനറൽസെക്രട്ടറി പദവിയിലിരിക്കവേ സ്വയം ഒഴിവായതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 22.06.2022-ന് പൂജപ്പുര ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനകേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി നോക്കിവരവേ കുറ്റപത്രവും കുറ്റാരോപണപത്രികയും അതോടൊപ്പം മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി സ്ഥാനത്ത് പ്രവർത്തിക്കുന്നതിനുളള അനുമതി നിരസിച്ചുകൊണ്ടുളള പരാമർശം 3-ലെ സർക്കാർ കത്തും സാമൂഹ്യനീതിവ ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത സംഘടനയുടെ സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കുന്നതിന് അനുമതി നിഷേധിച്ചിരുന്നില്ലായെന്നതിനാലാണ് ടി സ്ഥാനത്ത് തുടർന്നിരുന്നതെന്നും എന്നാൽ അനുമതി നിരസിച്ചിട്ടും പ്രസ്തുത സംഘടനയുടെ സംസ്ഥാന ജനറൽസെക്രട്ടറിയായി പ്രവർത്തിച്ചുവെന്നും കാണിച്ചാണ് കുറ്റപത്രവും കുറ്റാരോപണപത്രികയും നല്കിയതെന്നും അനുമതി നിരസിച്ചുകൊണ്ടുളള കത്ത് ലഭിച്ച അന്നുതന്നെ മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ സംസ്ഥാനസെക്രട്ടറി സ്ഥാനത്തുനിന്ന് രാജിവെച്ചെന്നും കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും മറുപടിയും നല്കുകയും ചെയ്തിരുന്നുവെന്നും മനഃപൂർവമല്ലാതെ സംഭവിച്ചുപോയ വീഴ്ചയ്ക്ക് മാപ്പപേക്ഷ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നല്കിയിരുന്നുവെന്നും, ആയത് കണക്കിലെടുക്കാതെ തന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് തീർപ്പ് കൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 4-പ്രകാരം നടപടിയുത്തരവ് പുറപ്പെടുവിക്കുകയുണ്ടായിയെന്നും അറിയിച്ചിട്ടുണ്ട്. ടി സംഘടനയിൽ പ്രവർത്തിച്ച കാലയളവിൽ യാതൊരുവിധ സാമ്പത്തിക നേട്ടമോ മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയിട്ടില്ലെന്നും ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ എന്ന നിലയിൽ കടുത്ത സാമ്പത്തിക പരാധീനതയനുഭവിക്കുന്ന വ്യക്തിയെന്ന നിലയിലും മനഃപൂർവമല്ലാതെ സംഭവിച്ചുപോയ വീഴ്ച മാപ്പാക്കി മേൽപ്പറഞ്ഞ അച്ചടക്കനടപടിയിൽനിന്ന് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

3. പരാമർശം 2-ലെ സാമൂഹ്യനീതി ഡയറക്ടറുടെ റിപ്പോർട്ടുകൾ പ്രകാരംസർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ എന്ന സംഘടനയുടെ ജില്ലസെക്രട്ടറിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതിതേടി ശ്രീ. പ്രശാന്ത്

24.8.2019-ൽ സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷ അനുമതിക്കായി ഡയറക്ടർ 04.06.2020-ൽ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ 24.08.2020-ലെ കത്തുപ്രകാരം പ്രസ്തുത ആവശ്യം നിരസിച്ചതായി സാമൂഹ്യനീതി ഡയറക്ടറെ അറിയിക്കുകയുംചെയ്തു. തുടർന്ന്, സാമൂഹ്യനീതി ഡയറക്ടർ 17.9.2020-ലെ കത്തുപ്രകാരം ഈ വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്തു. അനുമതിനിഷേധിച്ച നടപടി പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷ 16.4.2022-ലാണ് ടിയാൾ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്. അതായത് ടിയാനെതിരേയുള്ള പരാതി വകുപ്പിന് ലഭിച്ചതിനുശേഷം. സർക്കാർ അനുമതി നിഷേധിച്ചതിനു ശേഷവും ടിയാൾ കേരള മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ എന്ന സംഘടനയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും നാഷണൽ മാസ്റ്റേഴ്സ് മീറ്റ് നടന്ന് അടുത്ത ദിവസം 23.05.2022-ൽ ടിയാൾ പ്രസ്തുത സ്ഥാനം രാജിവയ്ക്കുകയും ചെയ്തു. സർക്കാർ അനുമതി നിഷേധിച്ചിട്ടും രണ്ടു വർഷത്തോളം ടിയാൾ പ്രസ്തുത സംഘടനയുടെ ജനറൽസെക്രട്ടറി ആയി ചുമതലവഹിച്ചു എന്നതിലൂടെ സർക്കാർ തീരുമാനത്തിനും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിച്ചുവെന്നത് വ്യക്തമാണ്.

4. മേൽസാഹചര്യത്തിൽ ശ്രീ പ്രശാന്ത് ആർ.എസ്. -നെതിരെ പരാമർശം 4-പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സ്വീകരിച്ച അച്ചടക്കനടപടി പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല. അതിനാൽ, പരാമർശം 5-പ്രകാരമുള്ള ശ്രീ പ്രശാന്ത് ആർ.എസ്.ൻറെ അപ്പീലപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ വികാസ്ഭവൻ, തിരുവനന്തപുരം
ശ്രീ. ആർ. എസ്. പ്രശാന്ത്., ഓഫീസ് അറ്റൻഡന്റ്, ജില്ലാ പ്രൊബേഷൻ ഓഫീസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 14-03-2025 10:33:54
സെക്ഷൻ ഓഫീസർ